## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3618 26.06.2012 ൽ മറുപടിയ്ക്ക്

## പ്രകൃതി വാതക വൈദ്യുത പദ്ധതികൾക്ക് അനുമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.കെ.ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പ്രകൃതി വാതക വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ അനുമതി നൽകേണ്ടതില്ലെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തിരുത്താൻ സംസ്ഥാനം കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (എ) പ്രകൃതി വാതക വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ അനുമതി നൽകേണ്ടതില്ലെന്ന് CEA തീരുമാനിച്ചതായി അറിവില്ല. എന്നാൽ ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യത 2015-16 വരെ അധികമായി ഉണ്ടാകില്ല എന്ന് വ്യക്തമായ സാഹചര്യത്തിൽ ആഭ്യന്തര പ്രകൃതി വാതകത്തെ അടിസ്ഥാനമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഒന്നും തന്നെ 2015-16 കാലയളവിനുള്ളിൽ ആരംഭിക്കേണ്ടതില്ലെന്ന് CEA നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഇറക്കുമതി ചെയ്ത പ്രകൃതി വാതകം (RLNG) ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് CEA യുടെ മേൽ പറഞ്ഞ നിർദ്ദേശം ബാധകമല്ല.<br><br>സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദന രംഗത്തെ ആശാസ്യമല്ലാത്ത നില പരിഗണിച്ച് CEA നിർദ്ദേശം നിലനിൽക്കുമ്പോൾ തന്നെ കേരളത്തിന് ആഭ്യന്തര പ്രകൃതി വാതകം ലഭ്യമാക്കുന്നതിനായി സമ്മർദ്ദം ചെലുത്തുന്നുണ്ട്. |

(...2)

(ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം പദ്ധതികളെയാണ് ഈ തീരുമാനം പ്രതികൂലമായി ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) പുതുവൈപ്പിനിൽ Petronet പദ്ധതി, NTPC യുടെ കായംകുളം പദ്ധതി, KSIDC യും KSEB യും സംയുക്ത സംരംഭമായി ചീമേനിയിലെ പദ്ധതി എന്നിവയാണ് സജീവ പരിഗണനയിലുള്ള വാതക അധിഷ്ഠിത പദ്ധതികൾ. ഇപ്രകാരം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ ആദ്യഘട്ടം 2016-ഓടുകൂടി മാത്രമേ പ്രവർത്തന സജ്ജമാകൂ എന്നതിനാൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ഉപദേശം മൂലം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കേണ്ടി വരുമെന്ന് സർക്കാർ കരുതുന്നില്ല.

സെക്ഷൻ ഓഫീസർ